KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.154/PR/PIC/PHQ/14 Date : 04.07.2014

# ലോട്ടറി തട്ടിപ്പുകൾക്കെതിരെ നിയമനടപടി ശക്തമാക്കും

ലോട്ടറിയുമായി ബന്ധപ്പെട്ട് പല ജില്ലകളിലും സിംഗിൾ ഡിജിറ്റ് ലോട്ടറി, 3 ഡിജിറ്റ് ലോട്ടറി, എഴുത്തു ലോട്ടറി തുടങ്ങിയ പേരുകളിൽ നടക്കുന്ന തട്ടിപ്പുകൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരത്തു ചേർന്ന സംസ്ഥാന ലോട്ടറി മോണിറ്ററിങ് സെൽ അവലോകന യോഗം തീരുമാനിച്ചു. നിയമനടപടികൾക്ക് മുന്നോടിയായി എല്ലാ ജില്ലകളിലും ഇത്തരത്തിലുള്ള തട്ടിപ്പുകൾക്കെതിരെ വിവരം ശേഖരിക്കും. കുറ്റവാളികൾക്കെതിരെ കേരള ഗയിമിങ് ആക്ട്, ഐ.പി.സി എന്നിവയിലെ വകുപ്പുകൾ പ്രകാരം കേസ് ചാർജ് ചെയ്യും. കംപ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ ഇത്തരം കുറ്റകൃത്യങ്ങൾക്കായി ദുരുപയോഗം ചെയ്യുന്നുവെന്ന് തെളിഞ്ഞാൽ അതിനെതിരെ ഐ.ടി ആക്ട് പ്രകാരവും നിയമ നടപടി സ്വീകരിക്കും.

ജില്ലാതല മോണിറ്ററിങ് സെല്ലുകൾ യഥാസമയം യോഗം ചേർന്ന് ലോട്ടറി മേഖലയുമായി ബന്ധപ്പെട്ട നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരായ നടപടികളുടെ കാര്യക്ഷമത ഉറപ്പുവരുത്തണമെന്നും സംസ്ഥാനതല മോണിറ്ററിങ് സെൽ യോഗം തീരുമാനിച്ചു.

ഇന്റലിജൻസ് എ.ഡി.ജി.പി എ.ഹേമചന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തൃശൂർ റേഞ്ച് ഐ.ജി.പി. ഡോ.ദർവേഷ് സാഹിബ്, കൊച്ചി റേഞ്ച് ഐ.ജി.പി എം.ആർ.അജിത്കുമാർ, തിരുവനന്തപുരം റേഞ്ച് ഐ.ജി.പി മനോജ് എബ്രഹാം, ഡി.ഐ.ജി (ഇന്റലിജൻസ്) പി.വിജയൻ, സംസ്ഥാന ലോട്ടറി ഡയറക്ടർ എം.നന്ദകുമാർ, ഡെപ്യൂട്ടി ഡയറക്ടർ സ്റ്റേറ്റ് ലോട്ടറി (സെയിൽസ്) കെ.ഓമനക്കുട്ടൻ, കൊമേഴ്സ്യൽ ടാക്സസ് (ലോ) ജോയിന്റ് കമ്മീഷണർ പി.എസ്.സോമൻ, ലോട്ടറീസ് ഡിപ്പാർട്ടുമെന്റ് ജോയിന്റ് ഡയറക്ടർ ജോർജ് ടി.എം എന്നിവർ പങ്കെടുത്തു.

**********